സംഭാഷണം

**സുലാക് സിവരക്ഷ / സേതു ദാസ്**



*സുലാക് സിവരക്ഷ*

# ദുഃഖം എന്നത് വ്യക്തിപരം മാത്രമല്ല

**ബുദ്ധന്റെ അനുശാസനങ്ങൾ വ്യവസ്ഥാപിതമായതോടെ അത് ദുഷിച്ചു. തിബത്തൻ ബുദ്ധിസം പോലും ദുഷിച്ചു. അവ എത്രമാത്രം ശക്തമാകുന്നതോ അത്രയേറെ ദുഷിക്കും. ഈ രാജ്യം (തായ്ലാൻഡിൽ) മുതലാളിത്തത്തോട് ഒത്താണ് പോകുന്നത്. ദേശീയ സങ്കുചിതവാദത്തിനും നാടുവാഴിത്തത്തിനും അഴിമതിക്കോപ്പവുമാണ് നിലകൊള്ളുന്നത്. അത് ഈ രാജ്യത്ത് വളരെ ദൃശ്യമാണ്. ഈ രാജ്യത്തെമ്പാടും വളരെയേറെ ബുദ്ധ ക്ഷേത്രങ്ങളുണ്ട്, വളരെയേറെ ബുദ്ധചിത്രങ്ങളും. അവയൊന്നും ബുദ്ധന്റെ യഥാർത്ഥ പ്രബോധനങ്ങളെ പ്രതിനിധീകരിക്കുന്നില്ല :'രാജദ്രോഹ'ക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട തായ് ജ്ഞാനവൃദ്ധൻ സുലാക് സിവരക്ഷ, ശിക്ഷിക്കപ്പെടുന്നതിന് തൊട്ടുമുൻപ് അനുവദിച്ച അഭിമുഖസംഭാഷണം.**

**രാജവിമർശനം** മാപ്പർഹിക്കാത്ത കുറ്റമാണ്. ശിക്ഷ ക്രൂരമാകും. പുരാണങ്ങളിലല്ല. വർത്തമാനകാലത്തും. തായ്‌ലാൻഡിൽ വയോധികനായ സുലാക് സിവരക്ഷ ഇപ്പോൾ 15 വർഷം തടവിന് ശിക്ഷിക്കപ്പെട്ടിരിക്കുന്നു. കുറ്റം 16–ാം നൂറ്റാണ്ടിലെ ഒരു രാജാവ് യുദ്ധം ജയിച്ചുവെന്ന വാദം ശരിയോ എന്ന് സംശയിച്ചു. 1593–ൽ നോങ് സറായിൽ നടന്ന ആനയുദ്ധത്തിൽ ബർമീസ് രാജകുമാരനെ നരേസുവാൻ എന്ന രാജാവ് (1590–1650) തോല്പിച്ചത് ചരിത്രപരമായി തെളിയിക്കാനാവുമോ എന്നു പരിശോധിച്ചതിനാണ് സുലാക് സിവരക്ഷയ്ക്ക് ഒക്ടോബർ ആദ്യം പട്ടാള കോടതി ശിക്ഷ വിധിച്ചത്.

തായ്‌ലാൻഡിലെ സാമൂഹ്യ പ്രവർത്തകനും ജ്ഞാനവൃദ്ധനും ചിന്തകനുമാണ് സുലാക് സിവരക്ഷ. 84 വയസ്സ്. ബുദ്ധ സന്ന്യാസിയായിരുന്ന സുലാക് പിന്നീട് പൂർണസമയ സാമൂഹ്യ പ്രവർത്തനത്തിലേക്ക് തിരിയുകയായിരുന്നു. സാമ്പത്തിക വിദഗ്ധനായ അദ്ദേഹം പൗരാണിക ബുദ്ധചിന്തകൾ മുതൽ ആധുനിക വിദ്യാഭ്യാസംവരെയുള്ള കാര്യങ്ങളിൽ തന്റേതായ വേറിട്ട നിലപാടുകൾ അവതരിപ്പിക്കുന്നു. തായ് ജനത സ്നേഹത്തോടെ 'അജാൻ' അഥവാ ഗുരു എന്നു വിളിക്കുന്ന സുലാക് സിവരക്ഷ തായ്‌ലാൻഡിലെ രാജവാഴ്ചയുടെയും പ്രധാനമന്ത്രി തസ്കിൻ ഷിനാവത്രയുടെയും കടുത്ത വിമർശകനാണ്.

ചൈനീസ് കുടിയേറ്റക്കാരന്റെ പേരക്കുട്ടിയായി സമ്പന്നമായ സിനോ–തായ് കുടുംബത്തിലാണ് സുലാകിന്റെ ജനനം. ബാങ്കോക്കിലും ബ്രിട്ടനിലെ വെയിൽസിലുമായി പഠനം. വെയിൽസ് സർവകലാശാലയിൽ ബുദ്ധിസത്തിൽ ഹോണററി ഫെലോയാണ് ഇന്ന് സുലാക്. 1961 ലണ്ടനിൽനിന്ന് നിയമബിരുദം. നാട്ടിൽ മടങ്ങിയെത്തിയശേഷം 'സോഷ്യൽ സയൻസ് റിവ്യൂ'വിന്റെ പത്രാധിപരായി. സുലാകിന്റെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾക്കു പിന്നിലും ഒരു ചരിത്രമുണ്ട്. മുമ്പ് 'വരേണ്യ' ജീവിതമാണ് സുലാക് നയിച്ചിരുന്നത്. 'സോഷ്യൽ സയൻസ് റിവ്യൂ'വിൽ സുലാക്ക് എഴുതിയിരുന്ന കുറിപ്പുകളിലെ 'വരേണ്യത' തായ്‌ലാൻഡിലെ 'കർഷക രാജകുമാരൻ' സിതിപോൺ കൃദാകര (1883–1971) കടുത്ത വിമർശനത്തിന് വിധേയമാക്കി. ഒരു കൂടിക്കാഴ്ചയിൽ 'കർഷകരാജകുമാരൻ' സുലാകിന് മുന്നറിയിപ്പ് നൽകി: "തായ്‌ലാൻഡിന് വേണ്ടത് ഒരു ബൗദ്ധിക മാസികയാണ്, അല്ലാതെ ബൗദ്ധിക സ്വയംഭോഗങ്ങളല്ല" രാജകുമാരന്റെ ഈ വിമർശനം സുലാക്കിനെ അടിമുടി മാറ്റി. അങ്ങനെ തായ് ഭരണകൂടത്തെ അനുകൂലിച്ച വരേണ്യ കാഴ്ചപ്പാടിൽനിന്ന് തീർത്തും എതിർപക്ഷത്തിന്റെ ബൗദ്ധിക നേതൃത്വമായി സുലാക് മാറി. അതൊരു നീണ്ട യാത്രയായിരുന്നു. 1968 ഓടെ സോഷ്യൽ സയൻസ് റിവ്യൂ രാജ്യത്തെ 'ബൗദ്ധിക ശബ്ദമായി' മാറി. 1968–ൽ സത്തിരകോസസ് നാഗപ്രതിഭ ഫൗണ്ടേഷൻ (എസ്.എൻ.എഫ്) എന്ന സംഘടന സുലാക് രൂപീകരിച്ചു. അത് എൻ.ജി. ഒ സംഘടനകളെ ഒരുമിപ്പിക്കുന്ന കേന്ദ്ര സംഘടനയായി മാറി. തുടർന്ന് വികസനത്തിന്റെ ബദൽ മാതൃകകൾ അവതരിപ്പിച്ചു.

ലോകത്തിലെ ഏറ്റവും ശക്തരായ ആത്മീയ, രാഷ്ട്രീയ നേതാക്കളുടെ പ്രവൃത്തികൾ സസൂക്ഷ്മം ശ്രദ്ധിക്കുന്ന സുലാക് അവരെ വിമർശിക്കാൻ ഒട്ടും മടികാട്ടുന്നില്ല. കൊക്കകോള പിടിച്ചു നിൽക്കുന്ന ദലൈലാമയുടെ ചിത്രം ശ്രദ്ധയിൽപെട്ടപ്പോൾ അമേരിക്കൻ ബഹുരാഷ്ട്ര കുത്തക കമ്പനിയായ കൊക്കകോള നേരിട്ടും അല്ലാതെയും വരുത്തിയ മനുഷ്യ, പരിസ്ഥിതി ദുരിതങ്ങൾ അദ്ദേഹം ദലൈലാമയെയും ലോകത്തെയും ഓർമിപ്പിച്ചു. ഫ്രാൻസിൽ പണക്കാർക്കും വരേണ്യവിഭാഗത്തിനുമായി തന്റെ ബുദ്ധമത പ്രഭാഷണം നിയന്ത്രിച്ച വിയറ്റ്നാം ബുദ്ധ സന്ന്യാസി തിയാങ് ഞ്യാച് ഹാനെ അദ്ദേഹം ചോദ്യം ചെയ്തു. രാഷ്ട്രീയമായ മണ്ടത്തരങ്ങൾ കാട്ടുന്നതിന് ബർമയുടെ നോബൽ സമ്മാന ജേതാവ് ഓങ് സാൻ സൂചിക്കെതിരേയും ശക്തമായ വിമർശനം ചൊരിഞ്ഞു. ശരിയായതും വിശ്വസ്തരുമായ സുഹൃത്തുക്കളുമായി അടുത്ത ബന്ധം പുലർത്തുക എന്ന 'കല്യാണമിത്ത' എന്ന ബൗദ്ധ സങ്കല്പത്തിലുള്ള ഉറച്ച വിശ്വാസമാണ് സുലാക്കിന്റെ ഈ മുഖം നോക്കാത്ത വിമർശനത്തിന് പിന്നിൽ.

സൈനിക ഭരണകൂടത്തെയും നൂറ്റാണ്ടുകൾ പഴക്കമുള്ള രാജഭരണത്തെയും തുറന്നെതിർക്കുന്നതാണ് തായ്‌ലാൻഡിൽ സുലാക് സിവരക്ഷയെ വേറിട്ട വ്യക്തിയാക്കുന്നത്. അതിനാൽതന്നെ സുലാക്കിനെ 'മൂഷികൻ'യെന്നും 'ക്രിമിനൽ' എന്നുമാണ് ഭരണകൂടം വിശേഷിപ്പിച്ചത്. തായ് രാജഭരണത്തെ വിമർശിച്ചതിന് നാല് തവണ സുലാക്ക് അഴികൾക്ക് പിന്നിലായി. എഴുത്തുകളും വിമർശാനാത്മക പ്രസംഗങ്ങളും 1976– ലും 1991– ലും രാജ്യം വിട്ടുപോകാൻ നിർബന്ധിതനാക്കി. 1976– ൽ സൈനിക അട്ടിമറിയെത്തുടർന്ന് കാനഡ, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ അക്കാദമിക് പ്രഭാഷണങ്ങളുമായി സഞ്ചരിച്ചു. ഈ സമയത്ത് സമാധാനത്തിനും അക്രമരാഹിത്യത്തിനും വേണ്ടി വാദിച്ചു. ഗാന്ധി പീസ് ഫൗണ്ടേഷനുൾപ്പെടെയുള്ള സംഘടനകളിൽ പ്രവർത്തിച്ചു. 1984– ൽ അറസ്റ്റിലായെങ്കിലും അന്താരാഷ്ട്ര പ്രതിഷേധം മൂലം മോചിപ്പിക്കാൻ സർക്കാർ നിർബന്ധിതമായി. 1991–ൽ വീണ്ടും രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ടു. തായ്‌ലാൻഡിലെ ജനാധിപത്യത്തെക്കുറിച്ച് സർവകലാശാലയിൽ സംസാരിച്ചുവെന്നായിരുന്നു കുറ്റം. ഉടനെ രാജ്യം വിട്ടു. 1995–ൽ കേസിൽ കോടതി വെറുതെവിട്ടു. 2007– ൽ ബുദ്ധമതത്തെ തായ്‌ലാൻഡിന്റെ ദേശീയ മതമാക്കാനുള്ള ശ്രമത്തെ തുറന്നെതിർത്തു. 2009– ൽ വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു.

രണ്ടുതവണ സമാധാന നോബൽ സമ്മാനത്തിന് നാമനിർദേശം ചെയ്യപ്പെട്ടു. സ്വീഡിഷ് റൈറ്റ് ലിവ്ലിഹുഡ് അവാർഡ്, യു.ൻ.പി.ഒ അവാർഡ്, ഇന്ത്യൻ മില്ലീനിയം ഗാന്ധി അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

'എ സോഷ്യലി എൻഗേജ്ഡ് ബുദ്ധിസം', 'മതവും വികസനവും', 'സിയാം ഇൻ ക്രൈസിസ്', 'സമാധാനത്തിന്റെ വിത്തുകൾ', 'എ ബുദ്ധിസ്റ്റ് വിഷൻ ഫോർ റിന്യൂവിങ് സൊസൈറ്റി', ഗ്ലോബൽ ഹീലിങ്, ലോയലിറ്റി ഡിമാൻഡ്സ് ഡിസെന്റ്", പവേഴ്സ് ദാറ്റ് ബി, ദ വിസ്ഡം ഓഫ് സസ്ഡെയിനിബിലിറ്റി: ബുദ്ധിസ്റ്റ് എക്കണോമിക്സ് ഫോർ ദ 21 സെൻചുറി തുടങ്ങിയവയാണ് പ്രധാന പുസ്തകങ്ങൾ.

അടുത്തിടെ തായ്‌ലാൻഡ് സന്ദർശനവേളയിൽ സുലാക് സിവരക്ഷയെ അദ്ദേഹത്തിന്റെ ചരിത്രപ്രസിദ്ധമായ 'മരവീട്ടി'ൽ ചെന്ന് കണ്ടു. ഇപ്പോൾ പുതുതായി ജയിൽശിക്ഷയ്ക്കു വിധിക്കപ്പെടുന്നതിനു തൊട്ടുമുൻപായിരുന്നു ഈ സംഭാഷണം.

# സംഭാഷണം



*സുലാക് സിവരക്ഷയും  സേതുദാസും*

*? സേതു ദാസ്: ജ്ഞാനം പ്രകൃതിയിലും അതിന്റെ വൈവിധ്യത്തിലുമാണെന്ന് താങ്കൾ വിശ്വസിക്കുന്നു. വളർച്ചയുടെ നാല് ഘടകങ്ങളെപ്പറ്റി അല്പം വിശദമാക്കാമോ?*

●സുലാക് സിവരക്ഷ: അതെ. ജ്ഞാനം കാട്ടിലാണുള്ളത്. കാരണം അതിന്റെ സ്വരമൈത്രികളും വൈവിധ്യവും കൊണ്ടുതന്നെ. കാട്ടിൽ നിന്നും പ്രകൃതിയിൽനിന്നും പഠിച്ചാൽ നിങ്ങൾ ശരിയായ ദിശയിലാണ് വളരുക. അതോടെ നമ്മൾ സ്നേഹിക്കാൻ തുടങ്ങുന്നു. ഒരു നാശവും വരുത്താതെ പ്രകൃതിയെയും മരങ്ങളെയും സ്നേഹിക്കാനും അനുസരിക്കാനും തുടങ്ങും. ബുദ്ധൻ മനുഷ്യർക്ക് മരങ്ങളില്ലാതെ അതിജീവിക്കാനും വളരാനും കഴിയില്ലെന്ന് വിശ്വസിച്ചു. മരങ്ങൾ വളരണമെങ്കിൽ നാല് ഘടകങ്ങൾ വേണം.

നല്ല വിത്ത്, മണ്ണിനോട് ചേരാനുള്ള കഴിവ്, സത്യസന്ധത, ക്ഷമ. അത് മനുഷ്യന്റെ വളർച്ചയ്ക്ക് സമാനമാണ്. ഒന്നാമത്തെ കാര്യം ഭൗതികമായ വളർച്ച. പാശ്ചാത്യ ലോകത്ത് അത് ശാരീരികമായ കരുത്താണ്. ബുദ്ധമത പ്രകാരം അത് സ്വരമൈത്രിയുള്ള(ഹാർമണി) വളർച്ചയാണ്. രണ്ടാമത്തേത് ബൗദ്ധിക വളർച്ചയാണ്. മൂന്നാമത്തേത് സാമൂഹ്യ വളർച്ചയാണ്. അത് നമ്മൾ പരസ്പരം ചൂഷണം ചെയ്യരുതെന്നാണ് പഠിപ്പിക്കുന്നത്. അത്യന്തികമായി ആത്മീയ വളർച്ച എന്നത് അഹംഭാവ പ്രവണതകളിൽനിന്നും മറ്റുമുള്ള മുക്തിയാണ്. ഇത് ബുദ്ധന്റെ അടിസ്ഥാന അനുശാസനങ്ങളെ ആധാരമാക്കിയുള്ള കാര്യങ്ങളാണ്.

*? നമ്മൾ ഒരു കാപട്യമുള്ള ലോകത്ത്, സത്യസന്ധത കുറഞ്ഞ സമൂഹത്തിലാണു ജീവിക്കുന്നത്. ബുദ്ധമതത്തിന്റെ യഥാർത്ഥസത്തയിൽനിന്ന് അകന്നുപോയ 'ബുദ്ധമത രാജ്യ'ങ്ങളെ താങ്കൾ എങ്ങനെ കാണുന്നു?*

● ബുദ്ധന്റെ അനുശാസനങ്ങൾ വ്യവസ്ഥാപിതമായതോടെ അത് ദുഷിച്ചു. തിബത്തൻ ബുദ്ധിസം പോലും ദുഷിച്ചു. അവ എത്രമാത്രം ശക്തമാകുന്നതോ അത്രയേറെ ദുഷിക്കും. ഈ രാജ്യം (തായ്ലാൻഡിൽ) മുതലാളിത്തത്തോട് ഒത്താണ് പോകുന്നത്. ദേശീയ സങ്കുചിത വാദത്തിനും നാടുവാഴിത്തത്തിനും അഴിമതിക്കൊപ്പവുമാണ് നിലകൊള്ളുന്നത്. നല്ല വിത്തുകളെ മാത്രം പരിഗണിച്ചിട്ട് കാര്യമില്ല. ബുദ്ധൻ സംഘം തുടങ്ങിയിരുന്നു. അതിൽ നാലുപേരും പരാവധി 20 അംഗങ്ങളുമാണ് ഉണ്ടായിരുന്നത്. സംഘം അതിജീവിച്ചതിനാലാണ് ബുദ്ധന്റെ അനുശാസനങ്ങളും അതിജീവിച്ചത്. ഇപ്പോൾ ബുദ്ധമതത്തിന്റെ സ്ഥാപനവൽക്കരണം അഴിമതി കൊണ്ടുവരുന്നു. അത് ഈ രാജ്യത്ത് വളരെ ദൃശ്യമാണ്. ഈ രാജ്യത്തെമ്പാടും വളരെയേറെ ബുദ്ധ ക്ഷേത്രങ്ങളുണ്ട്, വളരെയേറെ ബുദ്ധചിത്രങ്ങളും. അവയൊന്നും ബുദ്ധന്റെ യഥാർത്ഥ പ്രബോധനങ്ങളെ പ്രതിനിധീകരിക്കുന്നില്ല.

*? ഇന്ത്യയിലെ ഒരു ബസ് യാത്രയിൽ ഒരു ബ്രിട്ടീഷ് പൗരനും സാധാരണ ഇന്ത്യക്കാരനും തമ്മിലുള്ള ഒരു സംഭാഷണം യാദൃച്ഛികമായി കേട്ടു. ബ്രിട്ടീഷുകാരൻ യൂറോപ്പിന്റെ വികസനത്തെപ്പറ്റി വമ്പത്തം പറയുന്നു. ഈ സമയത്ത് ഇന്ത്യക്കാരൻ ചോദിച്ചു 'ഈ ആധുനിക നൂറ്റാണ്ടിൽ രാജവാഴ്ചയ്ക്ക് കീഴിൽ നിങ്ങളെപ്പോലുള്ള യുവതലമുറയ്ക്ക് എങ്ങനെ ജീവിക്കാൻ കഴിയുന്നു." ഇത്തരമൊരു ചോദ്യം തായ്ലാൻഡിനും ബാധകമാണ്. ഈ രാജ്യത്തെ രാജവാഴ്ചയെപ്പറ്റി എന്താണ് താങ്കളുടെ കാഴ്ചപ്പാട്?*

● രാജവാഴ്ച എന്നാൽ ഒരു വ്യക്തിയാണെന്നും അത് പവിത്രമല്ല എന്നു കരുതുകയും ചെയ്യുകയാണെങ്കിൽ പ്രശ്നമില്ല. അങ്ങനെയാണ് വേണ്ടത്. അവിടെയാണ് ഹിന്ദുമതത്തിൽനിന്ന് ബുദ്ധമതം വ്യത്യസ്തമാകുന്നത്. ഞങ്ങൾ 'ദേവ്‌രാജ'യിൽ വിശ്വസിക്കുന്നില്ല. ഞങ്ങൾ രാജാവിനെ 'സമുതി ദേവ' എന്നാണ് വിളിക്കുന്നത്. ഞങ്ങൾ അദ്ദേഹത്തെ ഒന്നാമത്തെ വ്യക്തിയായി തെരഞ്ഞെടുക്കുന്നു. അദ്ദേഹം ഭരണഘടനയ്ക്ക് കീഴിലാണ്. അദ്ദേഹം എന്നും നിയമത്തിന് കീഴിലായിരിക്കും. അങ്ങനെയാണെങ്കിൽ എന്നെ സംബന്ധിച്ച് രാജവാഴ്ച പ്രശ്നമല്ല. മറിച്ചാണെങ്കിൽ അത് അപ്രസക്തമാണ്.

ഭൂട്ടാനിലെ മുൻ രാജാവ് ജിഗ്മേ സിംഗ്യേ വാങ്ചൂക് വളരെ വ്യക്തമായി പറയുന്നുണ്ട്"പരമാധികാരവും സുസ്ഥിരതയും രാജ്യത്തിന്റെ ക്ഷേമവും മറ്റെല്ലാത്തിനും മുകളിൽവയ്ക്കണം. രാജ്യമാണ് രാജാവിനെക്കാൾ പ്രധാനം. ഒരാൾ രാജ്യം ഭരിക്കുന്നത് കുടുംബവാഴ്ചയുടെ ഫലമായിട്ടാണെങ്കിൽ, ഭൂരിപക്ഷ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലല്ലെങ്കിൽ അയാൾ അപ്രസക്തനാണ്." ഭൂട്ടാനിലെ ആ രാജാവ് വിവേകമതിയായിരുന്നു. ആ രാജാവ് തന്നെയാണ് ഗ്രോസ് നാഷണൽ ഹാപ്പിനസ് രാജ്യത്തെ ജി.ഡി.പിയെക്കാൾ പ്രധാനമാണ് എന്ന സങ്കല്പം തുടങ്ങിവച്ചത്. ഇന്ന് ഭൂട്ടാനിലെ രാജാവിനെ പാർലമെന്റിന് ഭരണഘടനാപ്രകാരം ഇംപീച്ച് ചെയ്ത് പുറത്താക്കാം.

*? പാശ്ചാത്യ നാഗരികതയുടെ വിമർശകനാണ് താങ്കൾ. പാശ്ചാത്യ ചിന്താരീതിയെയും പശ്ചാത്യ ജീവിത രീതിയെയും പ്രതിരോധിക്കുകയാണ് ആധുനിക ബുദ്ധമത സമൂഹങ്ങളുടെ വലിയ വെല്ലുവിളി. പ്രത്യേകിച്ച് തായ് സമൂഹത്തിന്റേത്. താങ്കൾ അങ്ങനെ കരുതുന്നുണ്ടോ?*

**ഒരു സാമൂഹ്യ ദുരിതം കണ്ടാൽ നിങ്ങൾ അതിൽ നിങ്ങളെ സ്വയം കണ്ടെത്തുക. ദുഃഖം എന്നത് വ്യക്തിപരം മാത്രമല്ല, അത് സാമൂഹികവും പാരിസ്ഥിതികവുമാണ്. നിങ്ങൾ ഒരു സാമൂഹ്യ ദുരിതം കണ്ടാൽ അത് നിങ്ങളുടെ പ്രശ്നമായി കാണണമെങ്കിൽ ദുരിതവും ദുരിതകാരണവുമായി ബന്ധപ്പെട്ട നാല് മഹത്തായ സത്യങ്ങൾ അതിൽ ഉൾച്ചേർക്കുക. മുതലാളിത്തം, എല്ലാരൂപത്തിലുമുള്ള സർക്കാരുകൾ, മാധ്യമങ്ങൾ, ആധുനിക വിദ്യാഭ്യാസം എന്നിവ മിഥ്യാബോധവും വെറുപ്പുമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതാണ് എന്റെ ലളിതമായ സന്ദേശം.**

● പാശ്ചാത്യ ചിന്താരീതി കാർട്ടീഷ്യൻ സങ്കല്പത്തെയാണ് (Cartesian Concept) വലിയ രീതിയിൽ ആശ്രയിക്കുന്നത്. കൊജിറ്റോ എർഗോസം (Cogito, Ergo Sum) അഥവാ 'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാനുണ്ട്' എന്നത് പൂർണമായും ചിന്തിക്കുക എന്ന പ്രക്രിയയെയാണ് പാശ്ചാത്യർ ആശ്രയിക്കുന്നത്. ഒപ്പം എല്ലാം ശാസ്ത്രീയമായും, യുക്തിപരമായും, രീതിശാസ്ത്രപരമായും തെളിയിക്കപ്പെടണമെന്ന ന്യൂട്ടൺ സങ്കല്പവും അതിൽ ചേർന്നിരിക്കുന്നു. ഇതിന് അതിന്റേതായ ശക്തിയും ദുർബലതയുമുണ്ട്. കാരണം നിങ്ങൾ കൂടുതൽചിന്തിക്കുമ്പോൾ കൂടുതൽ നിങ്ങൾ സൂത്രശാലിയായി മാറും. പക്ഷേ, നിങ്ങൾക്ക് നല്ലതാവാൻ പറ്റില്ല. അല്ലെങ്കിൽ ദുർബലരെ ചൂഷണം ചെയ്ത് ശക്തനാകാൻ പറ്റും. ഒന്ന് മറ്റൊന്നിനെ മറികടക്കണം എന്ന ധാരണയുമായിട്ടാണ് 'കൊജിറ്റോ എർഗോസം' മത്സരിക്കുന്നത്. പാശ്ചാത്യ നാഗരികതയ്ക്ക് ഇന്ന് അവസാനമായിരിക്കുന്നു. കാരണം അവർക്ക് മുഴുവൻ പ്രകൃതിയെയും കീഴടക്കണം. പക്ഷേ, ബുദ്ധമത സങ്കല്പത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ചിന്തിക്കുകയല്ല. പകരം ശ്വസിക്കുകയാണ്. പാശ്ചാത്യലോകത്ത് എങ്ങനെ ശ്വസിക്കണമെന്ന് പഠിപ്പിക്കുന്നില്ല. ഇന്ത്യയിൽ നിങ്ങൾക്കു ശ്വസനത്തിന് യോഗയും മറ്റ് വിദ്യകളുമുണ്ട്. ബുദ്ധമതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ആനപ്പാനധ്യാനം അഥവാ ശ്വസനത്തിലൂടെ മനസ്സ് നിറയലാണ്. നിങ്ങൾ ശ്വസനത്തെ ആന്തരിക സമാധാനം കൊണ്ടുവരാനായി ഉപയോഗിക്കണം. അത് പഠിക്കണം. ആ ശ്വസനത്തെ നിങ്ങളുടെ ബോധത്തെ പുതുക്കിപ്പണിയാനായി ഉപയോഗിക്കണം. അപ്പോൾ നിങ്ങൾക്ക് അക്രമത്തെ സ്നേഹവും ദയാവായ്പുമായി മാറ്റാം. നിങ്ങൾക്ക് ദുരയെ കാരുണ്യമാക്കി മാറ്റാം. നിങ്ങൾക്ക് ശ്വസനത്തിലൂടെ അജ്ഞതയെ ജ്ഞാനമാക്കിമാറ്റാം. ശ്വസനം പ്രായമാകുന്നതുമായി എതിരിടും. നിങ്ങൾക്ക് അത്യാർത്തി, വെറുപ്പ്, മിഥ്യ എന്നിവയെ കൈകാര്യം ചെയ്യാം. ബുദ്ധൻ ബുദ്ധനായത് ശ്വസനത്തിലൂടെയാണ്. ഒരു സാധാരണ വ്യക്തിയിൽനിന്ന് ജ്ഞാനോദയത്തിലേക്ക് ബുദ്ധൻ ഉണർത്തപ്പെട്ടു, അതിലൂടെ അഹംബോധം ആവശ്യമില്ലാത്ത കാര്യമെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു.

*? രാജാധികാരത്തെ അപമാനിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾക്കുള്ള തായ് ക്രിമിനൽ കോഡ് 112 (Lm-se|majeste) ശിക്ഷാനിയമപ്രകാരം രാജവാഴ്ചയെ അപമാനിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്നവർക്ക് മൂന്നു മുതൽ 15 വർഷം തടവ് ശിക്ഷ ലഭിക്കാം.നൂറുകണക്കിന് പേർ ഇതു പ്രകാരം ശിക്ഷിക്കപ്പെട്ടിരിക്കുന്നു. 1984, 1991, 2009 വർഷങ്ങളിൽ ഇത് പ്രകാരം താങ്കൾക്കെതിരെ കേസ് എടുത്തിരുന്നു. 1908 മുതൽ നിയമം നിലകൊള്ളുന്നു. ഒരു ശരിയായ ജനാധിപത്യ നടപടിക്രമത്തിന്റെ ഭാഗമാകാനും തുറന്ന സമൂഹവുമെന്നനിലയിലേക്ക് നീങ്ങാനും ഈ നൂറുവർഷം പഴക്കമുള്ള സംവിധാനം മാറ്റപ്പെടേണ്ടതല്ലേ?*

●കേസുമായി ബന്ധപ്പെട്ട് ഈ മാസം 28–ന് എനിക്ക് പൊലീസ് സ്റ്റേഷനിൽ പോകണം. ഇത് അവസാനത്തേതാണ്. ഞാൻ 500 വർഷം മുമ്പ് ജീവിച്ച രാജാവിനെ അപകീർത്തിപ്പെടുത്തി എന്നതാണ് കുറ്റം. ആ രാജാവ് അത്ര മഹാനല്ല എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഞാനൊരു പൊതു പ്രസ്താവന നടത്തി. അതിന് ആരോ കേസ് എടുത്തു. തായ്‌ലാൻഡിൽ നിയമവാഴ്ചയില്ല. ഇപ്പോഴത്തെ രാജാവ്, രാജ്ഞി, പിന്തുടർച്ചാവകാശി എന്നിവർക്കാണ് ക്രിമിനൽകോടതി ആർട്ടിക്കിൾ 112 സംരക്ഷണം നൽകുന്നത്. പക്ഷേ, ഈ നിയമം തായ്‌ലാൻഡിലെ ഏത് രാജാവിനും സംരക്ഷണം നൽകാനായി മാറ്റം വരുത്തിയിരിക്കുന്നു.

ഒരാൾ മോങ്കുട് രാജാവ് (King Mongkut) എന്ന് വിളിക്കപ്പെട്ട രാമ നാലാമൻ രാജാവിനെ, അതായത് ഇപ്പോഴത്തെ രാജാവിന്റെ മുത്തശ്ശനെ അപകീർത്തിപ്പെടുത്തി എന്നതിന് ജയിലിലേക്ക് അടയ്ക്കപ്പെട്ടു. നിയമപ്രകാരം നിലവിലെ രാജാവിന് മാത്രമാണ് സംരക്ഷണം. അയാൾ 150 വർഷം മുമ്പുള്ള രാജാവിനെ വിമർശിച്ചതിനാണ് ജയിലിൽ പോയത്. എന്റെ പേരിലുള്ള കുറ്റം 500 വർഷം മുമ്പുള്ള രാജാവിനെ വിമർശിച്ചതും. അവരുടെ ശ്രമം രാജഭരണത്തെ വിശുദ്ധമാക്കാനാണ്. ഇതാണ് സംഭവമെങ്കിൽ നിങ്ങൾക്ക് ചരിത്രം പഠിപ്പിക്കാനാവില്ല. എല്ലാ രാജാക്കന്മാരും നല്ലവരായി പരിഗണിക്കപ്പെടണം എന്നാണ് അവരുടെ നിയമം. അതാണ് ഞാൻ ചോദ്യം ചെയ്യുന്നത്. അതുകൊണ്ട് അടുത്ത 28–ന് പൊലീസ് സ്റ്റേഷനിൽ ചെല്ലണം.

*? പക്ഷേ, പൊലീസ് സ്റ്റേഷനിൽ പോകൽ താങ്കൾ പരിചിതമായിരിക്കുന്നു..?*

●അതെ. ശരിയാണ്. അങ്ങനെ സംഭവിച്ചിരിക്കുന്നു (ചിരി).

*? തായ്‌ലാൻഡ് ഈ നിയമം ഒഴിവാക്കണം അല്ലെങ്കിൽ കുറഞ്ഞ പക്ഷം പുനഃപരിശോധിക്കണമെന്ന് താങ്കൾ കരുതുന്നില്ലേ?*

● ഈ രാജ്യം സർവാധിപത്യ ഭരണകൂടമാണ് ഭരിക്കുന്നത്. സർവാധിപതികൾ രണ്ടാംതരം പൗരരാണ്. അവർക്ക് ഒരു ധാർമിക ധീരതയുമില്ല. അവർ ഒന്നും മാറ്റാൻ ആഗ്രഹിക്കുന്നില്ല. 2016 ഒക്ടോബർ 13–

# സംഭാഷണം

ന് രാജാവ് മരിച്ചു. പിന്നീട് പുതിയ രാജാവാണ്. അതിനാൽ ക്രിമിനൽ കോടതി ആർട്ടിക്കിൾ 112 പ്രകാരം കുറ്റം ചുമത്തപ്പെട്ടവർ ഇപ്പോൾ മോചിതരാകണം. കാരണം രാജാവ് മരിച്ചിരിക്കുന്നു. പക്ഷേ, അവരുടെ തടവ് ശിക്ഷ തുടരുകയാണ്. പുതിയ രാജാവിന് വിശാലമനസ്കത ഇല്ല. നമ്മൾ ഇതിനെ മറികടക്കേണ്ടതുണ്ട്. വാസ്തവത്തിൽ തായ് ക്രിമിനൽ കോഡ് 112 ശിക്ഷാനിയമ പ്രകാരം പുനഃപരിശോധിക്കുകയോ റദ്ദാക്കുകയോ വേണം. ഇതിനെപ്പറ്റി പാർലമെന്റിൽ ഞാൻ ശക്തമായ അഭിപ്രായങ്ങൾ പറഞ്ഞിരുന്നു.

*?സെൻസർഷിപ്പും നിയന്ത്രണവും ഭരണകൂടം മാത്രമല്ല മത സംഘടനകളും നടപ്പാക്കുന്നുണ്ട്. തായ്‌ലാൻഡിലെ ആദ്യ ബുദ്ധ സന്ന്യാസിനി ധമ്മാനന്ദ ഈ ദിവസം തായ്‌ലാൻഡ് ഫോറിൻ കറസ്പോണ്ടൻസ് ക്ലബിൽ ഒരു വാർത്താ സമ്മേളനം നടത്തിയിരിന്നു. തായ്‌ലാൻഡിലെ സംഘ കൗൺസിൽ സ്ത്രീകൾക്ക് സന്ന്യാസിനി പട്ടം നൽകുന്നത് നിരോധിച്ചതിനെതിരെ. മരിച്ച തായ്‌ലാൻഡ് രാജാവിന് ആദരം അർപ്പിക്കുന്നതിൽനിന്നുപോലും അവർ തടയപ്പെട്ടിരിക്കുന്നു. ധമ്മ വിനയ കോഡിനെപ്പറ്റി താങ്കളുടെ കാഴ്ചപ്പാട് എന്താണ്? അത് മാറേണ്ടതല്ലേ?*

• ഞാൻ ആ ഭിക്ഷുണിക്ക് ഒപ്പമാണ്. ഞാനവരെ പിന്തുണയ്ക്കുന്നു. സംഘകൗൺസിലും സർക്കാരും ദുർബലമാണ് എന്നതാണ് ഇവിടുത്തെ നല്ല കാര്യങ്ങളിലൊന്ന്. അതിനാലാണ് അവർക്ക് ഏതാണ്ട് പത്ത് വർഷമായി നിലകൊള്ളാനായത്. നിയമപരമായി, പാസ്പോർട്ട് പ്രകാരം അവരുടെ പേര് മിസ് ചാത്ത്സുമരൻ കബിൽ സിങ് എന്നാണ്. സംഘ് സമിതിയും സർക്കാരും അവരുടെ സന്ന്യാസിനി പട്ടം അംഗീകരിക്കുന്നില്ല. ബുദ്ധനുണ്ടായ കാലത്ത് ആരും അദ്ദേഹത്തെ അംഗീകരിച്ചിരുന്നില്ല. അതിനാൽ ഞാൻ ഭിക്ഷുണിയോട് കൂടുതൽ ക്ഷമ പുലർത്താൻ ആവശ്യപ്പെട്ടു. കൂടുതൽ ആളുകൾ അംഗീകരിക്കുന്നതാണ് അവർക്കു നല്ലത്. സർക്കാരിന്റെ അംഗീകാരം കാര്യമാക്കേണ്ടതില്ല.

*? തായ് സൈനിക ഭരണകൂടം നിരന്തരമായി അക്കാദമിക്കുകൾ, വിദ്യാർഥികൾ, പത്രപ്രവർത്തകർ, ആക്റ്റിവിസ്റ്റുകൾ, രാഷ്ട്രീയക്കാർ എന്നിവരെ അടിച്ചമർത്തുന്നു. വിമതരോട് സമ്മതപത്രങ്ങളിൽ ഒപ്പിടാൻ ആവശ്യപ്പെടുന്നു. രാജ്യത്ത് ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ സാമ്പത്തിക പിഴ ഈടാക്കാൻ അനുമതി നൽകുന്നതാണ് സമ്മതപത്രം. താങ്കളുടെ കാഴ്ചപ്പാട് അനുസരിച്ച് തായ്‌ലാൻഡ് എത്രമാത്രം സ്വതന്ത്രമാണ്..?*

• ഒരു സർവാധിപത്യത്തിന് കീഴിൽ നിങ്ങൾക്ക് എങ്ങനെ സ്വതന്ത്രമാകാൻ പറ്റും. അഞ്ചുപേരിൽ കൂടുതൽ ഒരുമിച്ചു കൂടുന്നത് നിയമത്തിന് എതിരാണ്. പക്ഷേ, നല്ല കാര്യമെന്താണെന്ന് വച്ചാൽ സൈന്യത്തിൽ കുറെ പേർ മധ്യസ്ഥ നിലപാടുള്ളവരാണ് എന്നതാണ്. അതിനാൽ രഹസ്യപോലീസ് അധികം പിന്നാലെയില്ല. അതിന് ഒരു കാരണം സർവാധിപത്യവുമായി നീണ്ടകാലമായി ഒത്തുപോകുന്നവരാണ് ഇവിടെയുള്ളത് എന്നതുകൂടിയാണ്. സൈനിക ഭരണകൂടം തങ്ങൾക്ക് വേണ്ട ഇരകളെ തെരഞ്ഞെടുക്കുന്നു. ഖോൻകയേൻ സർവകലാശാലയിലെ തങ്കോൺ സിരിപായ്ബൂൻ എന്ന ഒരു യുവ വിദ്യാർഥി അടുത്തിടെ പുതിയ രാജാവിനെപ്പറ്റി ബി.ബി.സി റിപ്പോർട്ട് ചെയ്തത് ഫേസ് ബുക്കിൽ പങ്കുവച്ചു. തായ് രാജാവ് മഹാ വജിറലോങ്കോണിനെപ്പറ്റിയുള്ള വാർത്തയാണ് പങ്കുവച്ചത്. അതിന് ആ വിദ്യാർഥിയെ സൈന്യം വളരെ മോശമായി ശിക്ഷിച്ചു. അവർ ബി.ബി.സിക്കെതിരെ ഒന്നും ചെയ്തില്ല. പക്ഷേ, ആ വിദ്യാർഥിയോട് വളരെ മോശമായി പെരുമാറി. ഞാനാ വിദ്യാർഥിയെ കാണാൻ സർവകലാശാലയിലും ജയിലിലും പോയിരുന്നു. തന്റെ നിലപാടുകൾ പറയാൻ പോലും ആ വിദ്യാർഥിയെ ഭരണകൂടം അനുവദിച്ചില്ല. ഭരണകൂടം ചില സംഭവങ്ങളെല്ലാം തങ്ങളുടെ നിയന്ത്രണത്തിലാണെന്നും നിങ്ങൾ ഞങ്ങളെ അനുസരിച്ചേ പറ്റൂ എന്നും കാണിക്കാനായി കൊണ്ടുവരും. നിങ്ങളുടെ രാജ്യത്ത് ഇപ്പോൾ വലിയ ഭരണകൂട നിരീക്ഷണങ്ങൾ ഇല്ലായിരിക്കും. പക്ഷേ, അത് അധികം വൈകാതെ അവിടെയും വരും.

*? തായ്‌ലാൻഡിൽ രാജാവിനെ വിമർശിക്കുന്നത് മാത്രമല്ല 'കുറ്റം', രാജ നായയെ വിമർശിക്കുന്നതും കൂടി കുറ്റകൃത്യമാണ്?*

• അതെ. ശരിക്കും. അതാണ് ഈ രാജ്യത്തിന്റെ ദുരന്തം.

*? തായ് രാജാവ് മഹാ വജ്രലോങ് കോൺ പുതിയ സുപ്രീം പാട്രിയാർക്ക് അഥവാ ആത്മീയ പരമാധികാരിയെ നിശ്ചയിച്ചതിനെ എതിർത്ത പ്രമുഖ വ്യക്തികളിൽ ഒരാളാണ് താങ്കൾ. ഇപ്പോഴത്തെ സംഭവവികാസങ്ങളെ എങ്ങനെ കാണുന്നു?*

• ഇല്ല. ഞാൻ അത് എതിർത്തില്ല. ഞാൻ എതിർത്തത് ആക്ടിങ് സുപ്രീം പാട്രിയാർക്ക് തനിയെ പരമാധികാരിയായി മാറുന്നതിനെതയാണ്.അവർ അക്കാര്യത്തിൽ ഏതാണ്ട് എന്നോട് ഐക്യപ്പെടുകയും നിയമത്തെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ പുതിയ സുപ്രീം പാട്രിയാർക്ക് പുതിയ സ്ഥാനാർത്ഥിയാണ്. ഞങ്ങളുടെ ഭരണഘടനപ്രകാരം രാജാവിന് പ്രഖ്യാപനങ്ങളിൽ ഒപ്പിടാൻ മാത്രമേ കഴിയൂ. സാങ്കേതികമായി പ്രഖ്യാപനങ്ങൾ പ്രധാനമന്ത്രിയാണ് അദ്ദേഹത്തിന് സമർപ്പിക്കേണ്ടത്. ഇവിടെ പ്രധാനമന്ത്രി രാജാവ് തന്നെയാണ് പരമാധികാരിയെ തെരഞ്ഞെടുത്തത് എന്ന് പറഞ്ഞു. പ്രധാനമന്ത്രിക്ക് അങ്ങനെ പറയാൻ അവകാശമില്ല. അങ്ങനെ പറയുന്നതിലൂടെ നമ്മൾ സമ്പൂർണ രാജവാഴ്ചയ്ക്ക് കീഴിലാണ് എന്ന് സമ്മതിക്കുകയാണ് ചെയ്യുന്നത്. സൈദ്ധാന്തികമായി നോക്കിയാൽ രാജാവ് ഒപ്പിടുക മാത്രമേ ചെയ്യേണ്ടൂ, പ്രധാനമന്ത്രിയാണ് നിയമനം നടത്തേണ്ടത്. പക്ഷേ, ഈ പ്രധാനമന്ത്രിക്ക് അതിന്റെ ഉത്തരവാദിത്വം ഏൽക്കാൻ വയ്യ. പ്രധാനമന്ത്രി ഉത്തരവാദിത്വം രാജാവിന് നൽകി, രാജാവ് സന്തോഷത്തോടെ 'ഞാൻ തീരുമാനിച്ചു' എന്നു പറയുകയും ചെയ്തു. ഇത് മൊത്തത്തിൽ ഒരു പ്രഹസനമാണ്.

*? സമീപകാലത്തെ രാഷ്ട്രീയവും മതപരവുമായ സംഭവവികാസങ്ങൾ നോക്കുമ്പോൾ രാജ്യം കൂടുതൽ കർശനമായ ഭരണത്തിലേക്ക് അല്ലെങ്കിൽ ഒരു സൈനിക അട്ടിമറിയിലേക്ക് നീങ്ങുന്നതായി തോന്നുന്നുണ്ടോ?*

• ഉണ്ട്. സൈനിക അട്ടിമറിക്ക് സാധ്യതയുണ്ട്. പ്രയുതിനോട് (ചനോച)യോട് അവർക്ക് എതിർപ്പ് തോന്നുകയും എന്നാൽ അദ്ദേഹം അധികാരത്തിൽതന്നെ നീണ്ട നാൾ തുടരുകയും ചെയ്യുകയാണെങ്കിൽ സൈന്യത്തിലെ ആരെങ്കിലും അട്ടിമറിയുമായി വരും. അതിന് സാധ്യത കൂടുതലാണ്..


*? സമൂഹത്തെ അടച്ചുപൂട്ടിക്കൊണ്ട് സാമ്പത്തിക വ്യവസ്ഥ തുറന്നുവ*



ധമ്മാനന്ദ



ഓങ്ങ് സാൻ സൂചി



ഇ. എഫ്. ഷൂമാക്കർ



ഹില്ലാരി ക്ലിന്റൺ

*യ്ക്കാൻ ഏതെങ്കിലും രാഷ്ട്രത്തിന് കഴിയുമോ? ചൈനയെപ്പോലുള്ള രാജ്യങ്ങൾ സാമ്പത്തിക വ്യവസ്ഥ തുറന്നിട്ടുകൊണ്ട് തിബത്ത്, കിഴക്കൻ തുർക്കിസ്ഥാൻ എന്നിവയെയും തങ്ങളുടെ സ്വന്തം ജനതയെയും അടിച്ചമർത്തുന്നുണ്ട്..?*

● എനിക്ക് എല്ലാ രാജ്യങ്ങളെപ്പറ്റിയും പറയാനാവില്ല. പക്ഷേ, പ്രവണതകൾ സമാനമാണ്. ബർമ തങ്ങളുടെ രാജ്യത്തെ തുറന്നിടുന്നുവെങ്കിലും അത് വളരെ ശ്രദ്ധയോടെയാണ് ചെയ്യുന്നത്. അവർ ജനാധിപത്യത്തെയും സ്വതന്ത്ര അഭിപ്രായ പ്രകടനങ്ങളെയും ഭയക്കുകയും ചെയ്യുന്നു. ഓങ് സാൻ സൂചി അടക്കമുള്ള എല്ലാ സേച്ഛാധിപതികളും ഇങ്ങനെ ഭയപ്പെടുന്നു. സൂചി സ്വതന്ത്രമായി അഭിപ്രായം പറയാൻ ആഗ്രഹിക്കുന്നുവെങ്കിലും അവർ സൈന്യത്തിനൊപ്പമാണ് ചലിക്കുന്നത്. ചൈനക്കാരും പാശ്ചാത്യ സാമ്പത്തിക മാതൃക ഇഷ്ടപ്പെടുന്നുണ്ട്. ചൈനയ്ക്ക് അടഞ്ഞ സമൂഹമാണുള്ളത്. മറ്റൊരു ഉദാഹരണം സിംഗപ്പൂരാണ്. അവർ സമ്പന്നമാണ്, പക്ഷേ, വളരെ സർവാധിപത്യമുള്ള രാജ്യമാണ്. പക്ഷേ, ചൈനയും സിംഗപ്പൂരുമായി നോക്കുമ്പോൾ തായ്‌ലാൻഡിൽ മൃദുവായ സർവാധിപത്യമാണുള്ളത്. പക്ഷേ, ഞങ്ങൾ തീർച്ചയായും ചൈനയുടെ ആധിപത്യത്തിന് കീഴിലാണുള്ളത്. ദലൈലമായെ ഇങ്ങോട്ടു വരാൻപോലും ചൈന അനുവദിക്കില്ല. ചൈനക്കാർ എന്നെ ചൈനയിലേക്കു ചെല്ലാനും അനുവദിക്കില്ല. അത്തരത്തിൽ ഒരാൾ ഞാൻ മാത്രമാണ്.

*? പക്ഷേ, അതൊരു അംഗീകാരം കൂടിയാണ്...?*

● അതെ. അംഗീകാരമാണ്.

*?ബർമയും ഓങ്സാൻ സൂചിയും അഭിപ്രായങ്ങൾ തുറന്നു പറയാനുള്ള വലിയ അവസരം നഷ്ടപ്പെടുത്തി. പകരം റോഹിങ്ക്യൻ മുസ്‌ലിംകൾക്കെതിരെ മ്യാൻമറിൽ നടക്കുന്ന അക്രമത്തിന്റെ വളരെ ഗൗരവമായ പ്രശ്നങ്ങളിൽ സൂചി നിശ്ശബ്ദതപാലിക്കുകയും ചെയ്തു. തുറന്നു സംസാരിക്കാൻ സൂചിയോട് ദലൈലാമപോലും പ്രസ്താവന ഇറക്കി. താങ്കൾ സൂചിയെ കണ്ടിരുന്നുവല്ലോ?*

● ശരിയാണ്. എനിക്ക് സൂചിയുടെ കാര്യത്തിൽ ദുഃഖമുണ്ട്. ഞാൻ സൂചിയുമായി നീണ്ട നേരം കൂടിക്കാഴ്ച നടത്തി. ഞാൻ വച്ച നിർദേശത്തിന് എല്ലാത്തിനും അവർ 'ശരി'യെന്നു പറഞ്ഞു. പക്ഷേ, ഒന്നും നടപ്പാക്കിയില്ല. തന്നെ ചോദ്യം ചെയ്യുന്ന ചെറുപ്പക്കാരെ ഒപ്പം നിർത്തണമെന്നാണ് ഞാൻ വച്ച ആദ്യ നിർദേശം. ബുദ്ധമതത്തിലെ കല്യാണമിത്ര സങ്കല്പത്തിന് അനുസരിച്ച ഒന്നായിരുന്നു അത്. നിങ്ങളെ ചോദ്യം ചെയ്യുന്നവരെയാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. പക്ഷേ, സൂചി അതൊരിക്കലും അനുവദിച്ചില്ല.

രണ്ടാമത് അവർ രാജ്യം തുറന്നുകൊടുക്കുകയായിരുന്നു. ലാഭം മാത്രം ലക്ഷ്യമാക്കാതെ, മണ്ണിനെ, തൊഴിലാളി പ്രസ്ഥാനത്തെ ഒക്കെ പരിഗണിക്കുന്ന സാമൂഹ്യ ഉദ്യമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തായ് സംരംഭകരെ ഞാൻ വിളിച്ചുകൂട്ടി. ഞാൻ സൂചിയോട് താൽപര്യമുണ്ടെങ്കിൽ ഒരാഴ്ച ഇവിടെ വന്ന് തങ്ങി ആ സംരംഭകരെ കാണാൻ പറഞ്ഞു. എന്നിട്ട് അവരെ ബർമയിൽ നിക്ഷേപത്തിനായി ക്ഷണിക്കുക. അല്ലെങ്കിൽ ബർമയിൽ വൻകിട ബഹുരാഷ്ട്ര കുത്തകകൾ വന്ന് നാടിനെ ചൂഷണം ചെയ്യും. സൂചി എല്ലാത്തിനോടും 'ശരി' എന്നു പറഞ്ഞെങ്കിലും ഒന്നും ചെയ്തില്ല. അത് ദുഃഖകരമാണ്.

*? 2011–ൽ ഹിലാരി ക്ലിന്റൻ ബർമ സന്ദർശിച്ചപ്പോൾ കൊക്കകോളയും പെപ്സിയും വൈകാതെ അവിടെയെത്തുമെന്ന് എന്നെപ്പോലുള്ളവർ പറഞ്ഞിരുന്നു. ഒരു വർഷത്തിനുള്ളിൽ ബഹുരാഷ്ട്ര കുത്തകകൾ 60 വർഷത്തെ നിരോധനത്തെ മറികടന്ന് അവിടെ കമ്പനികൾ തുടങ്ങി...?*

●എനിക്ക് ബർമയെപ്പറ്റിയും ഓങ് സാൻ സൂചിയെപ്പറ്റിയും ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു.

*? താങ്കൾ ദലൈലാമയുടെയും തിബത്തൻ ജനതയുടെയും നീണ്ട കാല സുഹൃത്താണ്. സ്വതന്ത്ര തിബത്തിനെപ്പറ്റി താങ്കൾ എത്രമാത്രം ശുഭാപ്തി വിശ്വാസിയാണ്?*

● ഞാൻ ശുഭാപ്തി വിശ്വാസിയാണ്. ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വം കാട്ടണമെന്ന് ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി തിരിച്ചറിഞ്ഞത് ആ ശുഭാപ്തിവിശ്വാസത്തെ ഉറപ്പിക്കുന്നു. ചൈനീസ് ജനത മുമ്പില്ലാത്ത വിധം കമ്യൂണിസ്റ്റ് പാർട്ടിയെ കൂടുതലായി ചോദ്യം ചെയ്യുന്നതിൽ ഞാൻ സന്തുഷ്ടനാണ്. 200 വർഷങ്ങൾ ചൈനക്കാർ താവോയിസ്റ്റുകളും ബുദ്ധിസ്റ്റുകളുമായിരുന്നുവെന്ന് ഓർക്കണം. നിരവധി ചൈനക്കാർ ഇപ്പോൾ

# സംഭാഷണം

ബുദ്ധമതത്തിലേക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. രക്ഷപ്പെടൽ എന്ന നിലയിലില്ല സമൂഹവുമായി ഇടപഴകുന്ന ബുദ്ധിസ്റ്റുകൾ എന്ന നിലയിൽ. ജനം തങ്ങളുടെ വേരുകളിലേക്ക് മടങ്ങിയാൽ, കൂടുതൽ വിമോചിക്കപ്പെട്ടാൽ, അവർ പാർട്ടിയെ വെല്ലുവിളിക്കാൻ സന്നദ്ധമായാൽ തിബത്ത് സ്വതന്ത്രമാകും. തിബത്ത് ചൈനീസ് മുഖ്യഭൂമിയുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. തിബത്തൻ ജനതയുടെ താത്പര്യം പരിഗണിക്കാത്തിടത്തോളം കാലം അവർക്ക് തിബത്തൻകാരെ സാങ്കേതികമായും സാമൂഹ്യപരമായും ചൂഷണം ചെയ്യാനാകും. പക്ഷേ, ചൈനീസ് മുഖ്യഭൂമിയിലെ ആളുകൾ കൂടുതൽ ജനാധിപത്യപരമാവുകയും സാമൂഹ്യനീതി പരിഗണിക്കുകയും ചെയ്താൽ തിബത്ത് എന്റെ ജീവിതകാലത്തിനുള്ളിൽ, ദലൈലാമയുടെ ജീവിതകാലത്ത് തന്നെ സ്വതന്ത്രമാകും. അത് വളരെയേറെ അതിരുകടന്ന ശുഭാപ്തിവിശ്വാസമാണ് എങ്കിലും!

*? സന്തോഷകരവും സമാധാനപരവുമായ ലോകം സൃഷ്ടിക്കുന്നതിൽ താങ്കളുടെ ബോധ്യങ്ങൾ പങ്കുവയ്ക്കുന്നതായി ഒരിക്കൽ ദലൈലാമ പറഞ്ഞു . ഈ കുഴപ്പം പിടിച്ച കാലത്ത് സമാധാനപരമായ ലോകം എന്ന ആശയം എത്രമാത്രം യാഥാർത്ഥ്യബോധമുള്ളതാണ്?*

● അത് സാധ്യമാണ്. മുഖ്യധാര സാമ്പത്തികക്രമത്തിന് അന്ത്യമായി എന്ന് മിക്ക ആളുകളും തിരിച്ചറിയുന്നുണ്ട്. ഡാവോസ് ഒരു വഞ്ചനയാണ്. അത് സാമ്പത്തിക ശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയവർ പോലും അത് തിരിച്ചറിയുന്നുണ്ട്. അവർപോലും ബദൽ സാമ്പത്തിക വ്യവസ്ഥ തേടിക്കൊണ്ടിരിക്കുകയാണ്. 'ചെറുത് മനോഹരമാണ്' എന്ന ഇ.എഫ് ഷുമാക്കർ എഴുതിയ ബുദ്ധമത സാമ്പത്തികവ്യവസ്ഥയുടെ അമ്പതാം വാർഷികമാണിത്. അതിലെ പാഠങ്ങൾ പ്രാഥമികമാണ്, അതിന് മുഖ്യധാര സാമ്പത്തിക വ്യവസ്ഥയ്ക്ക് ബദലാകാനാകും. ആ പാഠപുസ്തകം എല്ലാവരും വായിക്കേണ്ടതാണ്. മുഖ്യധാര ഒരു ഉത്തരമല്ലെന്ന് മുഖ്യധാരതന്നെ തിരിച്ചറിഞ്ഞിരിക്കുന്നു. നമുക്ക് വേണ്ടത് ആത്മീയമായ ഒന്നാണ്.

വെയിൽസ് രാജകുമാരൻ ചാൾസ് സ്ഥാപിച്ച ടെമിനോസ് അക്കാദമി ഓഫ് ഇന്റഗറൽ സ്റ്റഡീസിൽ ഞാൻ പ്രസംഗിച്ചിരുന്നു. അദ്ദേഹം ആത്മീയത, ബുദ്ധമതം, ഇസ്‌ലാം എന്നിവയിൽ വളരെയേറെ ശ്രദ്ധപുലർത്തുന്നുണ്ട്. നമുക്കും അതുപോലെ ഒന്നാണു വേണ്ടത്. അത് നമ്മൾ ചിന്തിക്കുന്നതിനെക്കാൾ വേഗത്തിൽ യാഥാർത്ഥ്യമാകും. പാശ്ചാത്യ ലോകത്തുപോലും എങ്ങനെ നന്നായി ശ്വസിക്കാമെന്ന് പഠിക്കുന്നത് പ്രധാനമാണ് എന്ന് ആളുകൾ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. ആളുകൾ ഇന്ന് രാഷ്ട്രീയവും സാമ്പത്തികവുമായ വിജയത്തിന് അപ്പുറം ആത്മീയതയും തേടുകയാണ്. ആളുകളുടെ  ജ്ഞാനം അവരെ അതിജീവിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മറിച്ചാണെങ്കിൽ എല്ലാം അവസാനിക്കുന്നതിലേക്ക് നീങ്ങും.

ഇന്ത്യയിൽ മൃഗങ്ങളെയും മരങ്ങളെയും പരിചരിക്കേണ്ടതിനെപ്പറ്റിയുള്ള മന്ത്രങ്ങളുണ്ട്. അത് യുവതലമുറയ്ക്ക് പറഞ്ഞുകൊടുക്കുന്നത് അർത്ഥവത്തായിരിക്കും. ഗാന്ധി ഇന്ന് വളരെയേറെ പ്രസക്തനാണ്. അദ്ദേഹം സാങ്കേതികവിദ്യാഭ്രാന്തിന് എതിരായിരുന്നു. പകരം സ്വാശ്രയ നിലനില്പിനെപ്പറ്റിയാണ് ഗാന്ധിജി പറഞ്ഞത് . നമ്മൾ അദ്ദേഹത്തെ ഉചിതമായി തിരിച്ചുകൊണ്ടുവരണം. ഗാന്ധിയെ ദൈവമാക്കിയിട്ടല്ല.

*? ലോകത്തിന്, പ്രത്യേകിച്ച് യുവതലമുറയ്ക്ക് എന്ത് സന്ദേശമാണ് താങ്കൾക്ക് നൽകാനുള്ളത്?*

● ലോകത്ത് ആദ്യത്തെ ജനാധിപത്യം തുടങ്ങിയത് ബുദ്ധനാണ്. ബി.ആർ. അംബേദ്കർ പറയുന്നത് ലോകത്തെ ആദ്യ ജനാധിപത്യം സംഘമാണെന്നാണ്. സ്വാതന്ത്ര്യം, സാഹോദര്യം,സമത്വം എന്നീ പദങ്ങൾ പിന്നീട് വളരെ വൈകിയാണ് വരുന്നത്. ഫ്രഞ്ച് വിപ്ലവത്തിൽ അക്രമം ഉപയോഗിക്കപ്പെട്ടു. ബുദ്ധൻ സംഘം സ്ഥാപിച്ചത് സമത്വത്തിന് വേണ്ടിയാണ്. നിങ്ങൾ രാജാവിന്റെ മകനായിരിക്കും പക്ഷേ, സംഘത്തിൽ ചേർന്നാൽ എല്ലാവരും തുല്യരാണ്. അതിൽ സാഹോദര്യമുണ്ട്. സംഘത്തിന്റെ ആശയമെന്നത് ദുര, വെറുപ്പ്, മിഥ്യാബോധം എന്നിവയിൽ നിന്നുള്ള മോചനമാണ്. ആധുനിക ലോകത്തിൽ സംഘ സങ്കല്പം ഉൾച്ചേർക്കുന്നത് ഉചിതമായിരിക്കും.

രണ്ടുവർഷം മുമ്പ് ഫ്രാൻസിൽ ഒരു മുഖ്യപ്രഭാഷണത്തിന് എന്നെ ക്ഷണിച്ചു. 'തിബത്തൻ ബുക്ക് ഓഫ് ലിവിങ് ആൻഡ് ഡൈയിങ്' എഴുതിയ സോഗ്യാൽ റിംപോച്ചയാണ് ക്ഷണിച്ചത്. എന്റെ പ്രസംഗത്തിൽ താത്പര്യം ജനിച്ച ഒരു ഫ്രഞ്ച് വനിത ഫ്രാൻസിലെ യുവനേതാക്കളോട് സംസാരിക്കാൻ എന്നെ ക്ഷണിച്ചു. ഈ വർഷം ആസ്ത്രേലിയയിലെ യുവനേതാക്കളോട് സംസാരിക്കാൻ അവർ എന്നെ ക്ഷണിച്ചു. യുവനേതാക്കൾക്ക് എന്റെ സന്ദേശം ലളിതമായിരുന്നു. കല്യാണമിത്ത എന്ന സങ്കല്പം പിന്തുടരുക. ഒരു സാമൂഹ്യ ദുരിതം കണ്ടാൽ നിങ്ങൾ അതിൽ നിങ്ങളെ സ്വയം കണ്ടെത്തുക. ദുഃഖം എന്നത് വ്യക്തിപരം മാത്രമല്ല, അത് സാമൂഹികവും പാരിസ്ഥിതികവുമാണ്. നിങ്ങൾ ഒരു സാമൂഹ്യ ദുരിതം കണ്ടാൽ അത് നിങ്ങളുടെ പ്രശ്നമായി കാണണമെങ്കിൽ ദുരിതവും ദുരിത കാരണവുമായി ബന്ധപ്പെട്ട നാല് മഹത്തായ സത്യങ്ങൾ അതിൽ ഉൾച്ചേർക്കുക. മുതലാളിത്തം, എല്ലാരൂപത്തിലുമുള്ള സർക്കാരുകൾ, മാധ്യമങ്ങൾ, ആധുനിക വിദ്യാഭ്യാസം എന്നിവ മിഥ്യാബോധവും വെറുപ്പുമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതാണ് എന്റെ ലളിതമായ സന്ദേശം.

എനിക്ക് ഒരു യുവ സുഹൃത്തുണ്ട്. അദ്ദേഹം ദേശീയ പതാകയെ അഭിവാദ്യം ചെയ്യാനും  യൂണിഫോം ധരിക്കാനും സൈന്യത്തിൽ ചേരാനും വിസമ്മതിച്ചയാളാണ്. ഇപ്പോൾ അയാൾ സർവകലാശാലയിൽ ചേർന്നതേയുള്ളൂ. അദ്ദേഹം ക്ലാസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. ഹോങ്കോങ്ങ് പാർലമെന്റിലെ ഒരു അംഗത്തിനെ ആ യുവ സുഹൃത്ത് ബന്ധപ്പെട്ടു. ചൈനീസ് സർക്കാർ വെറുക്കുന്ന ഒരാളെ. ആ പാർലമെന്റ് അംഗത്തെ തായ്‌ലാൻഡിലേക്ക് നമ്മുടെ യുവ സുഹൃത്ത് ക്ഷണിച്ചു. ചൈനീസ് സമ്മർദംമൂലം ആ പാർലമെന്റ് അംഗത്തിന് ഇങ്ങോട്ട് വരാനായില്ല. ആ യുവ സുഹൃത്തിനെപ്പോലെ നിരവധി ചെറുപ്പക്കാർ ഈ രാജ്യത്തുണ്ട്. എന്നെ സംബന്ധിച്ച് ഏറ്റവും നന്നായി തോന്നുന്നകാര്യം ആ ചെറുപ്പക്കാർ പറയുന്നത് എന്ത് എന്നു കേൾക്കുകയും അവർക്കൊപ്പം പ്രവർത്തിക്കുകയുമാണ്. തീർച്ചയായും യുവതലമുറയ്ക്ക് അവർ എന്തുചെയ്യണമെന്ന് നമ്മൾ പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. ഇപ്പോഴും തായ്‌ലാൻഡിലെ യുവതലമുറയിൽ ഞാൻ പ്രതീക്ഷയർപ്പിക്കുന്നു.

മൊഴിമാറ്റം: ആർ.കെ. ബിജുരാജ്